# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2432** **07.02.2019-ൽ മറുപടിക്ക്**

**മണലൂർ മണ്ഡലത്തിൽ പുതിയ ട്രാൻസ്ഫോർമറുകൾ**

| | ചോദ്യം<br>ശ്രീ. മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മണലൂർ മണ്ഡലത്തിലെ നെൽകൃഷി മേഖലയിൽ ഇരുപ്പൂകൃഷി ഇറക്കുന്ന പ്രവർത്തനങ്ങൾ നടക്കുന്നുവെങ്കിലും പല പാടശേഖരങ്ങളിലും ഉയർന്ന ശേഷിയുള്ള മോട്ടോറുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ വൈദ്യുതി ലഭിക്കാത്ത സാഹചര്യം നിലവിലുള്ളത് അറിയാമോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്ന പരിഹാരത്തിനായി ഇലക്ട്രിക്കൽ സെക്ഷൻ പറപ്പൂരിന്റെ പരിധിയിൽ 5,75,779 രൂപയ്ക്ക് 80 മീറ്റർ 11 കെ.വി ലൈൻ വലിച്ച് ഒരു 160 കെ.വി.എ ട്രാൻസ് ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ തുക എലവത്തൂർ കിഴക്കേ കോൾപ്പടവ് സമിതി അടയ്ക്കുന്ന മുറക്ക് പ്രസ്തുത പ്രവൃത്തി ചെയ്തു തീർക്കുന്നതാണ്. |
| (ബി) | എങ്കിൽ പാടശേഖരങ്ങളുടെ സമീപത്ത് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനോ അല്ലെങ്കിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി ശേഷി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനോ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | | |

സെക്ഷൻ ഓഫീസർ